"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – നെടുംകുന്നം ഗ്രാമപഞ്ചായത്ത് – വിദ്യാഭ്യാസ കെട്ടിടനിർമ്മാണം – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : നെടുംകുന്നം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.09.2020, 21.04.2021 എന്നീ തീയതികളിലെ എ 4/3369/2020 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ TCPKTM/221/2021-C** **തീയതി : 17/05/2021**

---

കോട്ടയം ജില്ലയിലെ നെടുംകുന്നം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നെടുംകുന്നം വില്ലേജിൽ, ബ്ലോക്ക് നമ്പർ 18-ൽ റീസർവ്വെ നമ്പർ 256/2, 256/4-ൽപ്പെട്ട 22670 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് 12.39 ച.മീ നിലവിലുള്ള വിദ്യാഭ്യാസ കെട്ടിടത്തിന്റെ വിപുലീകരണത്തിന്റെ ഭാഗമായി 96.56 ച.മീറ്റർ കെട്ടിടഭാഗം ക്രമവൽക്കരിക്കുന്നതിനും 1007.01 മീറ്റർ വിഭാവനം ചെയ്യുന്നതിനും വേണ്ടി കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗിത്തിനും , പ്ലോട്ട് വികസനവും ഭൂമി പുനർവിഭജനവും ചെയ്യുന്നതിനുള്ള ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പവരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ-2019, ചട്ടം 5(4) പട്ടികയിൽ ക്രമനമ്പർ 12 പ്രകാരം ഫയർഫോഴ്സിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമായിരിക്കണം.
3. കെ.പി.ബി.ആർ-2019, ചട്ടം 79 പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
4. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
5. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ വരുത്തണം.
6. ക്രമവൽക്കരണ കെട്ടിട വിസ്തീർണ്ണത്തിന് ചട്ടപ്രകാരമുള്ള അധികഫീസ് ഈടാക്കേണ്ടതാണ്.

7. വിഭാവന നിർമ്മാണഭാഗത്തെ ടോയ്‌ലറ്റുകൾ ചട്ടം 41(6) പാലിക്കുന്ന വിധത്തിൽ സജ്ജമാക്കേണ്ടതാണ്.
8. ശാരീരിക വൈകല്യമുള്ളവർക്ക് കെട്ടിടത്തിന്റെ എല്ലാ നിലകളിലേക്കും പ്രവേശിക്കുന്നതിന് ആവശ്യമായ റാമ്പിന്റെ ചരിവ്, ടോയ്‌ലറ്റ്, പാർക്കിംഗ് എന്നിവ നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
9. കെ.പി.ബി.ആർ–2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട വിഭജനം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല . കെ.പി.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ : 26 /2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
നെടുംകുന്നം ഗ്രാമപഞ്ചായത്ത്
(പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :

1. ചെയർമാൻ/സെക്രട്ടറി, എസ്.എൻ.സ്മാരക എജ്യുക്കേഷണൽ ട്രസ്റ്റ്, ചങ്ങനാശ്ശേരി
2. അധികം –1

S1752021